"ഭരണഭാഷ – മാതൃഭാഷ"

ഇ-മെയിൽ: director.ims@kerala.gov.in വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം.: 0471-2323960

ഇ6-2711/2024/ഡി ഐ എം എസ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം - 14,

തീയതി, 27-08-2024

വിഷയം:- ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - സർക്കാരിന്റെ ജനറൽ പ്രൊവിഡന്റ് ഫണ്ടിന് കീഴിൽ വരിക്കാരായിട്ടുള്ള എല്ലാ ജീവനക്കാരും പുതിയ നോമിനേഷൻ ഫയൽ ചെയ്യുന്നത് സംബന്ധിച്ച്

സൂചന:- 02/08/2024 തീയതിയിലെ 47/2024-ധന നമ്പർ സർക്കുലർ

*******

സംസ്ഥാന സർക്കാർ ജനറൽ പ്രോവിഡന്റ് ഫണ്ട് പദ്ധതിക്ക് കീഴിൽ അംഗങ്ങളായിട്ടുള്ള എല്ലാ ജീവനക്കാരും 2024 സെപ്റ്റംബർ 30 ന് മുൻപായി സൂചന സർക്കറിലിനോടൊപ്പം അനുബന്ധത്തിൽ ചേർത്തിട്ടുള്ള ഫാറം - ബി പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണെന്നും ഇത്തരത്തിൽ സമർപ്പിച്ച നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ നാമനിർദേശം സർവീസ് ബുക്ക്/ഇ സർവീസ് ബുക്ക് -ൽ ആവശ്യമായി രേഖപ്പെടുത്തലുകൾ വരുത്തി എന്നുറപ്പാക്കി ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും ഗസറ്റഡ് ഉദ്യോഗസ്ഥരുടെ നോമിനേഷൻ അക്കൗണ്ടൻ്റ് ജനറലിന് അയച്ചത് നൽകേണ്ടതുമാണ് ഗസറ്റഡ് ഉദ്യോഗസ്ഥരുടെ നോമിനേഷൻ അക്കൗണ്ടൻ്റ് ജനറലിന് അയച്ചത് നൽകേണ്ടതുമാണ് എന്ന് സർക്കാർ നിർദേശിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ ഈ ഓഫീസിലെ എല്ലാ ജീവനക്കാരും 7 ദിവസത്തിനകം പുതുക്കിയ നോമിനേഷൻ ഇ6 സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

ASEEM A
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**ധനകാര്യ (പി.എഫ്) വകുപ്പ്**

**<u>സർക്കുലർ</u>**

നം.47/2024-ധന തിരുവനന്തപുരം, തീയതി : 02/08/2024

**വിഷയം :-** സംസ്ഥാന ജനറൽ പ്രോവിഡന്റ് ഫണ്ട് പദ്ധതി - നോമിനേഷൻ ഫയൽ ചെയ്യുന്നതിനും, അസാധുവായ നോമിനേഷനുകൾ പുതുക്കുന്നതിനും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**സൂചന :-** 07/02/2012 -ലെ സ.ഉ(പി) നം.94/2012/ധന.

സൂചന പ്രകാരമുള്ള ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരള) ചട്ടങ്ങൾ ചട്ടം 5 ൽ നോമിനേഷൻ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ വ്യക്തമായിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ മുഖേനെ നടപ്പിലാക്കി വരുന്ന ജനറൽ പ്രോവിഡന്റ് ഫണ്ട് പദ്ധതിയിൻ കീഴിൽ വരിക്കാരായിട്ടുള്ള സാധുവായ നോമിനേഷൻ ഇല്ലാത്ത ജീവനക്കാരുടെ ക്ലോഷർ ക്ലെയിം തുക അനുവദിക്കുന്നതിൽ വലിയ തോതിൽ ബുദ്ധിമുട്ടും, ആശയക്കുഴപ്പങ്ങളും, കാലതാമസവും നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സർക്കാരിന്റെ ജനറൽ പ്രോവിഡന്റ് ഫണ്ട് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള എല്ലാ ജീവനക്കാരും 2024 സെപ്റ്റംബർ 30 ന മുമ്പായി ഈ സർക്കുലറിനോടൊപ്പം അനുബന്ധത്തിൽ ചേർത്തിട്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള പരിഷ്കരിച്ച ഫാറം -ബി പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സമർപ്പിക്കപ്പെടുന്ന നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ നാമനിർദ്ദേശം സ്വീകരിച്ച് സർവ്വീസ് ബുക്ക്/ഇ-സർവ്വീസ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി എന്നുറപ്പാക്കി സാക്ഷ്യപ്പെടുത്തേണ്ട ചുമതല ഓഫീസ് മേധാവിക്കാണ്. ഗസറ്റഡ് ഉദ്യോഗസ്ഥരുടെ നാമനിർദ്ദേശം സമർപ്പിക്കേണ്ടത് അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ കാര്യാലയത്തിലെ സീനിയർ അക്കൗണ്ട്സ് ഓഫീസർക്കാണ്.

ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരള) ചട്ടങ്ങൾ ചട്ടം 5 (4) പ്രകാരം അവിവാഹിതരായ വരിക്കാർ നൽകുന്ന നാമനിർദ്ദേശം വിവാഹം കഴിയുന്നതോടെ അസാധുവാകുമെന്നതിനാൽ നാമനിർദ്ദേശം നൽകുന്ന സമയത്ത് അവിവാഹിതരായ വരിക്കാർ വിവാഹം കഴിയുന്നതോടെ ചട്ടങ്ങളിൽ പറയുന്ന വ്യവസ്ഥകൾക്കനുസൃതമായി നാമനിർദ്ദേശം പുതുക്കി നൽകേണ്ടതാണ്. കൂടാതെ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന എല്ലാ ജീവനക്കാരും ജനറൽ പ്രോവിഡന്റ് ഫണ്ടിൽ ചേരുന്ന സമയത്ത് ഈ സർക്കുലറിനോടൊപ്പം

അനുബന്ധത്തിൽ ചേർത്തിട്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള പരിഷ്കരിച്ച ഫാറം -ബി പൂരിപ്പിച്ച് നൽകിയിട്ടുണ്ടെന്ന് എല്ലാ ഓഫീസ് മേധാവികളും ഉറപ്പ് വരുത്തേണ്ടതുമാണ്.

**എസ്.സുരേഷ് കുമാർ**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് - II) കേരള, തിരുവനന്തപുരം
3. ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
5. രജിസ്ട്രാർ, കേരള ഹൈക്കോർട്ട് എറണാകുളം
6.മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
7. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
8. സെക്രട്ടറി, കേരള ഗവർണ്ണർ
9.പ്രൈവറ്റ് സെക്രട്ടറി സ്പീക്കർ/ ഡെപ്യൂട്ടി സ്പീക്കർ
10. പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവ്, തിരുവനന്തപുരം
11. സ്റ്റാഫ് ഓഫീസർ, ഓഫീസ് ഓഫ് ദി ചീഫ് സെക്രട്ടറി
12. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരള
13. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
14. കേരള ലോകായുക്ത് രജിസ്ട്രാർ, തിരുവനന്തപുരം
15. എല്ലാ വകുപ്പ് മേധാവികൾക്കും
16. പ്രിൻസിപ്പൽ ഡയറക്ടർ, എൽ എസ് ജി ഡി
17. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
18. പേഴ്സണൽ അസിസ്റ്റന്റ്, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി
19. നോഡൽ ഓഫീസർ, www.finance.kerala.gov.in
20. ഓഫീസ് കോപ്പി (E 1038291)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

**Form B**

**FORM OF NOMINATION**

[**See Rule 5(1)**]

I, ..................................................................................... (Name) hereby nominate the person(s) mentioned below to receive the amount that may stand to my credit in the Fund in the event of my death before that amount has become payable or having become payable, has not been paid. I also declare that my marital status is .........................................

| *Name, full permanent address and aadhar no. of nominees* | *Relation with the subscriber [in case the nominee is not a member of the family as defined in Rule 2* (c) *indicate the reasons]* | *Age* | *Share payable to each in percentage* | *Contingencies on the happening of which nomination shall become invalid* | *Name, address, aadhar no., relationship and age of the person to whom the right of the nominee shall pass in the event of his predeceasing the subscriber* | *Name, address and aadhar No. of the person to whom share is to be paid on behalf of minor* |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

Place :

Date :

Name, designation, office address, PEN and
signature of the subscriber :

Account No ..........................................

*Name, address and aadhar number* *Signature*

Witness:- 1.....................................................

2.....................................................

Countersignature by Head of Office (required only
when subscriber is a non-gazetted Government servant) ..................................................................

*Note:-* The nomination made by a subscriber who was not married at the time of filing nomination shall become invalid on getting married.

## Instructions

Column 1. - A subscriber can nominate more than one person. If he/she has a family as defined in General Provident Fund (K) Rules, the nomination shall not be in favour of any person who is not a member of the family

Column 4.- If the subscriber nominate only one person, the words “In full” may be noted. Otherwise the share payable to each in percentage so as to cover the whole amount standing at the credit of the subscriber may be specified.

Column 5.- Death need not be shown as a contingency. In the case of a subscriber having only one member in the family and who wishes to nominate another person as alternate nominee, he shall specify that the right conferred on the alternate nominee shall become invalid in the event of the subscriber acquiring an additional member in the family.

Column 6.- The name to be specified in this column shall be that of a member of the family of the subscriber if he has a family, other than the subscriber or nominee.

Column 7.- The name to be specified in this column shall be that of a person other than the subscriber or nominee.

Account No.-In the case of persons who file the nomination along with application for admission to the Fund, this will be furnished by the Accountant General.